# കൂട്ടുകവിത

## ചട്ടമ്പിസ്വാമികളും പെരുന്നെല്ലി കൃഷ്ണൻ വൈദ്യരും ചേർന്ന് ഈരണ്ടുവരി വീതം പൂരിപ്പിച്ച ചില പദ്യങ്ങൾ

**ചട്ടമ്പിസ്വാമികൾ**
പ്രാണൻ ഭവാനരിയകണ്മണിയും ഭവാനെ-
ന്നാണുങ്ങളോടു പലരോടുമഹോ കഥിച്ചു,
**പെരുന്നെല്ലി**
കാണുംധനങ്ങളഖിലം ബത കയ്ക്കലാക്കും
നാണംകുണുങ്ങികളെയെങ്ങനെ വിശ്വസിക്കും!
**ചട്ടമ്പിസ്വാമികൾ**
കയ്യുംപിണച്ചു കണവന്നൊടുറങ്ങുമപ്പോൾ
പയ്യെത്തദീയകരമങ്ങനെ മാറ്റിവച്ചു,
**പെരുന്നെല്ലി**
കയ്യാലതന്നരികിൽ വന്നൊളിബന്ധുവെക്ക-
ണ്ടയ്യോ! രമിപ്പവരെയെങ്ങനെ വിശ്വസിക്കും
**ചട്ടമ്പിസ്വാമികൾ**
ബഹുഗ്രാവകീർണം ബതേദം ഹി റോഡി-
ങ്ങഹസ്സിങ്കലും പൊവതത്യന്തകഷ്ടം
**പെരുന്നെല്ലി**
സഹിക്കാവതോ കൂരിരുട്ടത്തു വെട്ടം
വഹിക്കാതെ പോകുന്ന ദുഃഖം നിനച്ചാൽ
**പെരുന്നെല്ലി**
മഹിക്കേവനെന്നാകിലും ജാതനായാൽ
സഹിക്കാതെയെന്തോന്നു ചെയ്യുന്നിദാനീം
**ചട്ടമ്പിസ്വാമികൾ**
വഹിച്ചേ നശിക്കൂ കൃതം കർമമേന്മ
ദഹിക്കും തപസ്സാൽ ക്ഷണം തത് കുരുഷ്വ
**പെരുന്നെല്ലി**
രഹസ്യം തദപ്യാര്യ! ചൊൽകേറെ രമ്യേ
മഹസ്സിങ്കലേതിൽ മനം ചേർത്തിടേണ്ടൂ?
**ചട്ടമ്പിസ്വാമികൾ**
ബഹിശ്ചോള്ളിലും ഭക്തിയോടെപ്പോഴും നീ
ഗുഹസ്യാംഘ്രിപദ്മം ഭജിക്കുന്നതേതാൻ
**പെരുന്നെല്ലി**
ഗുഹൻ താൻ കഥംഭൂതനെന്നുള്ളതേതും
മഹാത്മൻ ! ന ജാനേ മമ പ്രേമരാശേ !
**ചട്ടമ്പിസ്വാമികൾ**
മഹച്ചേദണുത്വം ച സർവം കവിഞ്ഞും
സുഹൃച്ചിത്തപദ്മത്തടങ്ങുന്നതും താൻ
**പെരുന്നെല്ലി**
ഇഹ പ്രോക്തമായൊന്നു കേട്ടേനിദാനീ-
മഹം തത്കഥം ചെയ്തിടേണ്ടു പ്രവീണാ!
**ചട്ടമ്പിസ്വാമികൾ**
അഹം വച്മി കേളഞ്ജ്യഷീകം ച ജിത്വാ
മുഹുശ്ചാന്തരംഗേ ശുചൗ വേണമോർപ്പാ